# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2561 — 18/06/2014 – ൽ മറുപടിക്ക്

## കാസർഗോഡ് മണ്ഡലത്തിലെ തൊഴിലാളികൾക്കുള്ള ഇ.എസ്.ഐ സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് മണ്ഡലത്തിലെ തൊഴിലാളികൾക്ക് വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ഇ.എസ്.ഐ. സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) 3918 'ഐപി'കളുള്ള കാസർഗോഡ് ജില്ലയിൽ ഇ.എസ്.ഐ പ്രാഥമിക ആരോഗ്യ സേവനങ്ങൾക്കായി ഒരു ഇ.എസ്.ഐ ഡിസ്പെൻസറിയും ലീവാനുകൂല്യ സൗകര്യങ്ങൾക്കും മറ്റുമായി ഒരു ബ്രാഞ്ച് ഓഫീസും പ്രവർത്തിക്കുന്നുണ്ട്. ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസറുടെ റഫറൻസ് പ്രകാരം തൊഴിലാളികൾക്ക് തടസ്സരഹിതമായ സേവനം ഇന്ത്യയിലുടനീളം ലഭ്യമാണ്. ഇൻഷ്വർ ചെയ്ത വ്യക്തികളുടെ എണ്ണം 3918 മാത്രമായതിനാൽ ഇവിടെ കൂടുതൽ ഇ.എസ്.ഐ ആശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവ തുടങ്ങുവാൻ കഴിയുകയില്ല. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രികൾ എംപാനൽ ചെയ്യാൻ നേരത്തെ പത്രപരസ്യം വഴി ശ്രമിച്ചിട്ടുണ്ടെങ്കിലും ആശുപത്രികളുടെ നിസ്സഹകരണം മൂലം വേണ്ടത്ര ഫലവത്തായിട്ടില്ല. തന്മൂലം അവിടെയുള്ള രോഗികൾ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി മംഗലാപുരത്തുള്ള എംപാനൽഡ് ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. |
| ബി) സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇ.എസ്.ഐ. ആശുപത്രി തുടങ്ങുന്നകാര്യം പരിഗണനയിലുണ്ടോ; | ബി) ഇ.എസ്.ഐ ആശുപത്രി തുടങ്ങുന്നതിനുള്ള മാനദണ്ഡം 25,000/ ഐ.പികൾ ഉണ്ടായിരിക്കണം എന്നതാണ്. കാസർഗോഡ് കൂടുതൽ പ്രദേശത്ത് ഇ.എസ്.ഐ പദ്ധതി നടപ്പിലാക്കുകയും 25000/ൽ അധികം ഐപികൾ ഉണ്ടാവുകയും ചെയ്യുന്ന സമയത്ത് മാത്രമേ പുതിയ ആശുപത്രികളുടെ ആവശ്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |

| | |
|---|---|
| സി) പ്രസ്തുത ആശുപത്രി നിർമ്മാണത്തിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിവരം നൽകുമോ; | സി) ഡി) ചോദ്യം ഉദിക്കുന്നില്ല. |
| ഡി) പ്രസ്തുത ആശുപത്രിയുടെ നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ